LIBRARY ARCHIVES Kerala Legislative Assembly

ജൈവകാർഷിക മണ്ഡലം പദ്ധതി

119 (5468)ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകാർഷിക മണ്ഡലം പദ്ധതിയിൽപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ ജൈവ ഇൻപുട്ട് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനായി താമരക്കുളം പഞ്ചായത്തിൽ സ്ഥലം ഏറ്റെടുത്തതിലെ വിശദാംശങ്ങൾ ലഭ്യമായിട്ടുണ്ടോ ;

(സി) അടിയന്തരമായി ജൈവ ഇൻപുട്ട് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) ജൈവകാർഷിക മണ്ഡലം പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു ബയോ കൺട്രോൾ ലാബ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിൽ ജൈവ ഇൻപുട്ട് യൂണിറ്റ് ആരംഭിക്കുവാൻ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) താമരക്കുളം പഞ്ചായത്ത് വാർഡ് 17-ൽ ശ്രീരാമകൃഷ്ണൻ, ശാന്തി ഭവനം എന്ന വ്യക്തിയുടെ 355/3, 355/13 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 50 സെന്റ് സ്ഥലം പഞ്ചായത്തിന്റെയും സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ ബയോ ഇൻപുട്ട് യൂണിറ്റ് സ്ഥാപിക്കുന്നതിന് വിട്ടുതരാമെന്ന് സമ്മതിച്ചിട്ടുണ്ട്.

(സി&ഡി) ഇതിനുള്ള സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല.

കാസർഗോഡ് ജില്ലയിലെ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ

120 (5469) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എത്ര കൃഷി ഓഫീസർമാരുടെ ഒഴിവുകളാണുള്ളതെന്ന് ഓഫീസുകൾ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ജില്ലയിൽ നിയമിതരായ ഏതെങ്കിലും കൃഷി ഓഫീസർമാർ വർക്കിംഗ് അറേഞ്ച്മെന്റ് എന്ന നിലയിൽ മറ്റു സ്ഥലങ്ങളിൽ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;